ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). വികസിത ഭാരതം എന്ന ലക്ഷ്യത്തിനായി പ്രവാസി സമൂഹത്തിന്റെ പിന്തുണ പ്രതീക്ഷിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ഓക്ക്-ലൻഡിൽ ഇന്ത്യൻ സമൂഹത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.

**President Draupadi Murmu addressed the Indian diaspora in Auckland. President asked for the support of Indian community for achieving the goal of developed India.**

2) ഒരാഴ്ച നീളുന്ന ഹർഘർ തിരംഗ പരിപാടിയ്ക്ക് രാജ്യത്ത് ഇന്ന് തുടക്കം. ഹർ ഘർ തിരംഗയെ അവിസ്മരണീയമായ ബഹുജന പ്രസ്ഥാനമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**The week-long Har ghar Tiranga Campaign has started in the country today. Prime Minister Narendra Modi urged the people to make Har Ghar Tiranga an unforgettable popular movement.**

3) വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ പ്രധാനമന്ത്രി നാളെ സന്ദർശിക്കും. ദുരന്ത മേഖലയിൽ 11-ആം ദിനവും തിരച്ചിൽ തുടരുന്നു.

**Prime Minister will visit the landslide affected areas in Wayanad tomorrow. The search operations continues for the 11th day in the disaster zone.**

4) മദ്യനയ അഴിമതി കേസിൽ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയ്ക്ക് സുപ്രീം കോടതി ജാമ്യം അനുവദിച്ചു.

**In Liquor Policy Scam Case Supreme Court granted bail to former Deputy Chief Minister of Delhi, Manish Sisodia.**

5) ഒളിമ്പിക്സ് ഗുസ്തിയിൽ വെങ്കല മെഡലിനായി അമൻ സെഹ്‌രാവത്ത് ഇന്നിറങ്ങും. 4X400 റിലേയിൽ ഇന്ത്യൻ പുരുഷ, വനിതാ ടീമുകൾ ഇന്ന് മാറ്റുരയ്ക്കും.

**Aman Sehrawat will compete for bronze medal in Olympic wrestling today. Indian men's and women's teams will compete in 4X400 relay.**

==========================================

## PREZ-NEW ZEALAND - (INTRO)

ജനാധിപത്യത്തിൻറെ മാതൃകയാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി ഓക്-ലൻഡിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയായിരുന്നു രാഷ്ട്രപതി. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ യാത്ര തുടരുകയാണെന്നും ഇതിനായി പ്രവാസി സമൂഹത്തിൻറെ എല്ലാ പിന്തുണയും പ്രതീക്ഷിക്കുന്നതായും ശ്രീമതി മുർമു പറഞ്ഞു.

(VOICE..................)

ഓക്ക്‌ലൻഡിൽ ഇന്ത്യൻ കോൺസുലേറ്റ് തുറക്കുമെന്നും ശ്രീമതി മുർമു അറിയിച്ചു. മൂന്ന് ലക്ഷത്തോളം പ്രവാസി ഇന്ത്യക്കാരാണ് ന്യൂസിലൻഡിലുള്ളത്. ഫിജി സന്ദർശനത്തിന് ശേഷം ന്യൂസിലൻഡിലെത്തിയ ശ്രീമതി മുർമു നാളെ തെക്കു കിഴക്കനേഷ്യൻ രാജ്യമായ തിമോർ - ലെസ്റ്റെ സന്ദർശിക്കും.

==========================================

## HAR GHAR TIRANGA - FLAG

ഒരാഴ്ച നീളുന്ന ഹർഘർ തിരംഗ പരിപാടിയ്ക്ക് രാജ്യത്ത് ഇന്ന് തുടക്കം. സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15 വരെ നീളുന്ന പരിപാടി പൗരന്മാരിൽ ദേശസ്നേഹം വളർത്തുന്നത് ലക്ഷ്യമിട്ടാണ് സംഘടിപ്പിക്കുന്നത്. ഇതിൻറെ ഭാഗമായി, വീടുകളിൽ ദേശീയപതാക ഉയർത്തണമെന്നും, ത്രിവർണ പതാകയ്ക്കൊപ്പം സെൽഫി എടുത്ത്, ഹർ ഘർ തിരംഗ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യണമെന്നും കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് അഭ്യർത്ഥിച്ചു. 2022 മുതൽ ഇതുവരെ 10 കോടിയിലേറെ ജനങ്ങൾ ദേശീയ പതാകയ്ക്കൊപ്പമുള്ള സെൽഫി വെബ്സൈറ്റിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഹർഘർ തിരംഗയുടെ ഭാഗമായി ഈ മാസം 13-ന് മന്ത്രിമാരും, എം.പി മാരും പങ്കെടുക്കുന്ന ത്രിവർണ ബൈക്ക് റാലി സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. ഹർ ഘർ തിരംഗ പരിപാടിയെ അവിസ്മരണീയമായ ബഹുജന പ്രസ്ഥാനമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.

സമൂഹ മാധ്യമ ഹാൻഡിലുകളിലെ പ്രൊഫൈൽ ചിത്രവും അദ്ദേഹം ത്രിവർണ്ണ പതാകയിലേക്ക് മാറ്റി.

==========================================

## WAYANAD - PM

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ അനുകൂല നടപടി പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്ത മേഖലയിൽ, കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി രാജീവ് കുമാറിൻറെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘവും ഇന്ന് സന്ദർശനം നടത്തും.

=========================================

## WAYANAD - SEARCH – (INTRO)

ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈയിലും ചൂരൽമലയിലും
ഇന്ന് ജനകീയ തിരച്ചിൽ നടന്നു. സൂചിപ്പാറ-കാന്തൻപാറ ഭാഗത്തുനിന്ന് നാല് മൃതദേഹം കൂടി കണ്ടെത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്----**

**(VOICE........)**

=========================================

## WAYANAD - SOUND

വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അസാധാരണ മുഴക്കം കേട്ടതായി ജനങ്ങൾ. അമ്പലവയൽ, എടക്കൽ മാളിക ഭാഗങ്ങളിലും മുഴക്കം അനുഭവപ്പെട്ടു. പ്രദേശത്തെ ജനങ്ങളെ മാറ്റിത്തുടങ്ങി. വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ പ്രദേശത്ത് പരിശോധന തുടരുകയാണ്.
പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്ന് അധികൃതർ അറിയിച്ചു.

=========================================

## PARLIAMENT

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി ചെയ്യാനുള്ള ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ കേന്ദ്ര സഹമന്ത്രി പങ്കജ് ചൗധരി ലോക്സഭയിൽ അവതരിപ്പിച്ചു.

=========================================

## LS JAISHANKAR RUSSIA

റഷ്യൻ സേനയിലേക്ക് ഇന്ത്യാക്കാരെ റിക്രൂട്ട് ചെയ്യുതുമായി ബന്ധപ്പെട്ട 91 കേസുകൾ ഇതുവരെ റിപ്പോർട്ട് ചെയ്യിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ലോക്സഭയിൽ ചോദ്യോത്തര വേളയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. റഷ്യൻ സേനയുടെ ഭാഗമായവരിൽ 8 പേർ മരണപ്പെട്ടതായും 14 പേരെ വിട്ടയച്ചതായും ശ്രീ ജയ്ശങ്കർ പറഞ്ഞു. 69 ഇന്ത്യാക്കാർ മോചനം കാത്ത് കഴിയുന്നുണ്ട്. ഈ വിഷയം ഇന്ത്യ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. റഷ്യൻ സേനയുടെ ഭാഗമായി തുടരുന്ന എല്ലാ ഇന്ത്യാക്കാരേയും എത്രയും വേഗം വിട്ടയയ്ക്കുമെന്ന് കഴിഞ്ഞ മാസം പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ മോസ്കോ സന്ദർശനത്തിൽ റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ ഉറപ്പ് നൽകിയിരുന്നു. റഷ്യൻ സേനയിൽ പ്രവർത്തിക്കുന്നതിന് ഇവർ കരാറിൽ ഏർപ്പെട്ടിരിക്കുന്നതാണ് മോചനം വൈകാൻ കാരണമെന്നും വിദേകാര്യമന്ത്രി അറിയിച്ചു.

=============================================

## FUR REV. PM-QUIT INDIA

ക്വിറ്റ് ഇന്ത്യ സമരത്തിന്റെ വാർഷിക ദിനമായ ഇന്ന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയ്ക്കും, സ്വാതന്ത്ര്യസമര സേനാനികൾക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചു. സ്വാതന്ത്ര്യസമരത്തിലെ നിർണായക ചുവടുവെയ്പായിരുന്നു ക്വിറ്റ് ഇന്ത്യാ സമരമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. കൊളോണിയൽ ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടുന്നതിനായുള്ള ഇന്ത്യയുടെ പോരാട്ടത്തിൽ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന വീഡിയോയും അദ്ദേഹം പങ്കുവച്ചു. ലോക് സഭയും, ക്വിറ്റ് ഇന്ത്യ വാർഷികത്തിൽ രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിക്കും, സ്വാതന്ത്ര്യ സമര സേനാനികൾക്കും ശ്രദ്ധാഞ്ജലി അർപ്പിച്ചു.

=============================================

## SISODIA BAIL-SC

മദ്യനയ അഴിമതി കേസിൽ ആം ആദ്മി പാർട്ടി നേതാവും, ഡൽഹി മുൻ ഉപമുഖ്യമന്ത്രിയുമായ മനീഷ് സിസോദിയയ്ക്ക് സുപ്രീംകോടതി ജാമ്യം അനുവദിച്ചു. 17 മാസമായി സിസോദിയ കസ്റ്റഡിയിലാണെന്നും ഇതുവരെ വിചാരണ ആരംഭിച്ചിട്ടില്ലെന്നും കോടതി നിരീക്ഷിച്ചു. ഇത് വേഗത്തിലുള്ള വിചാരണയ്ക്കുള്ള അവകാശത്തെ ഹനിക്കുന്ന രീതിയാണെന്നും കോടതി വ്യക്തമാക്കി. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിലും, സിബിഐ കേസിലും മനീഷ് സിസോദിയയ്ക്ക് പരമോന്നത കോടതി ജാമ്യം അനുവദിച്ചിട്ടുണ്ട്.

=========================================

## OLYMPICS

പാരീസ് ഒളിമ്പിക്സ് ജാവലിൻ ത്രോയിൽ വെള്ളി മെഡൽ നേടിയ നീരജ് ചോപ്രയെയും, വെങ്കല മെഡൽ നേടിയ ഹോക്കി ടീമിനെയും രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു. ലോക്സഭയും മെഡൽ നേട്ടത്തിൽ അഭിനന്ദനം രേഖപ്പെടുത്തി. 89.45 മീറ്റർ എറിഞ്ഞാണ് നീരജ് ചോപ്ര ഇന്ത്യക്കായി ആദ്യ വെള്ളി മെഡൽ നേടിയത്. പാകിസ്ഥാൻറെ അർഷാദ് നദീമാണ് 92.97 മീറ്ററിൻറെ സർവകാല റെക്കോഡോടെ ജാവലിൻ ത്രോയിൽ സ്വർണം നേടി. പുരുഷ ഹോക്കിയിൽ വാശിയേറിയ പോരാട്ടത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് സ്പെയിനിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ വെങ്കല മെഡൽ സ്വന്തമാക്കിയത് .ഒളിമ്പിക്സ് ഗോൾഫ് മൂന്നാം റൗണ്ടിൽ ഇന്ത്യയുടെ അദിതി അശോകും, ദീക്ഷ ദഗറും ഇപ്പോൾ മത്സരിക്കുകയാണ്. പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡലിനായി അമൻ സെഹ്‌രാവത്ത് ഇന്നിറങ്ങും. 4 x 400 മീറ്റർ റിലേയിൽ, ഇന്ത്യൻ പുരുഷ, വനിതാ ടീമുകൾ ഇന്ന് മാറ്റുരക്കും. മലയാളി താരങ്ങളായ മുഹമ്മദ് അജ്മൽ, മുഹമ്മദ് അനസ്, അമോജ് ജേക്കബ് എന്നിവർക്കൊപ്പം രാജേഷ് രമേഷും പുരുഷ റിലേയിൽ ഇന്നിറങ്ങും.

=========================================

## NSE - INVESTOR BASE

ദേശീയ ഓഹരി വിപണിയിൽ രജിസ്റ്റർ ചെയ്ത നിക്ഷേപകരുടെ സംഖ്യ ആദ്യമായി 10 കോടി കടന്നു. കഴിഞ്ഞ 5 വർഷത്തിനിടെ മൂന്നിരട്ടി വർദ്ധനയാണ് നിക്ഷേപകരുടെ എണ്ണത്തിലുണ്ടായത്. ഡിജിറ്റൈസേഷനിലെ ദ്രുതഗതിയിലുള്ള വളർച്ച, നിക്ഷേപക ബോധവൽക്കരണം, സാമ്പത്തിക ഉൾപ്പെടുത്തൽ, സുസ്ഥിരമായ വിപണി പ്രകടനം എന്നിവയാണ് വളർച്ചയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. നിക്ഷേപരുടെ ശരാശരി പ്രായം 32 വയസ്സാണ്. 30 വയസ്സിൽ താഴെയുള്ളവർ 40 ശതമാനം വരും. അഞ്ചിലൊന്ന് നിക്ഷേപകരും വനിതകളാണ്. ഉത്തരേന്ത്യയിൽ നിന്നാണ് ഏറ്റവും കൂടുതൽ നിക്ഷേപകരുള്ളതെന്നും യു.പി, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾ രജിസ്ട്രേഷനിൽ ഏറ്റവും മുന്നിലാണെന്നും എൻ.എസ്.ഇ അറിയിച്ചു..

=========================================

## RAIN – KERALA

കേരളത്തിൽ നാളെ മുതൽ വീണ്ടും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസമില്ല. കണ്ണൂർ, കാസർകോട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ കന്യാകുമാരി ജില്ലയിലെ കടൽത്തീരങ്ങളിൽ ഈ മാസം 11 വരെ സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തി.

=========================================

## GOLD + SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 778 പോയിന്റ് ഉയർന്ന് 79,664-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 231 പോയിൻറ് നേട്ടത്തിൽ 24,348 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. പവന് 600 രൂപ വർധിച്ച് 51,400 രൂപയും ഗ്രാമിന് 6,425 രൂപയുമാണ് ഇന്നത്തെ വില.

=========================================

=========================================

=========================================